**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4729** **02-07-2024 - ൽ മറുപടിയ്ക്ക്**

**കടൽ സുരക്ഷാസേനയ്ക്ക് മെച്ചപ്പെട്ട സേവന വേതന വ്യവസ്ഥകൾ നടപ്പാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ആർ. മഹേഷ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ആഴക്കടലിൽ മുങ്ങിപ്പോകുന്നവർക്കായി രക്ഷാപ്രവർത്തനം നടത്തുന്ന കടൽ സുരക്ഷാസേനയിൽ നിലവിൽ എത്ര മത്സ്യത്തൊഴിലാളികളെ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; രക്ഷാപ്രവർത്തനത്തിൽ മാതൃകാപരമായ ഇടപെടൽ നടത്തുന്ന ഇവരുടെ സേവന വേതന വ്യവസ്ഥകൾ എന്താണെന്ന് വ്യക്തമാക്കുമോ; | (എ) | പ്രത്യേക പരിശീലനം ലഭിച്ച 100 പേരെ അടിയന്തിര സാഹചര്യങ്ങൾ നേരിടാൻ 9 തീരദേശ ജില്ലകളിലെ 15 പ്രധാന തുറമുഖങ്ങളിൽ കടൽ സുരക്ഷാ സേനയായി വിന്യസിച്ചിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. ഇത് കൂടാതെ 9 തീരദേശ ജില്ലകളിലും സജ്ജീകരിച്ചിട്ടുള്ള റെസ്ക്യൂ ബോട്ടുകൾ 3 മറൈൻ ആംബുലൻസുകൾ എന്നിവയിലുമായി 88 ലൈഫ് ഗാർഡ് മാരേയും താൽക്കാലിക അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.<br><br>പ്രത്യേക പരിശീലനം ലഭിച്ച കടൽ സുരക്ഷാ സേനാ അംഗങ്ങൾക്ക് ധനകാര്യ വകുപ്പിന്റെ 11.02.2021-ലെ സ.ഉ.(പി) നം.29/2021/ധന അടിസ്ഥാനമാക്കി പ്രതിദിനം 930 രൂപ (വേതനമായി 730 രൂപയും റിസ്ക് അലവൻസായി 200 രൂപയും) അനുവദിക്കുന്നുണ്ട്. |
| (ബി) | കടൽ സുരക്ഷാസേന നൽകുന്ന സേവനത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ട് ഇവർക്ക് മെച്ചപ്പെട്ട സേവന വേതന വ്യവസ്ഥകൾ നടപ്പാക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | നിലവിൽ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

വിഴിഞ്ഞം - (5 എണ്ണം),

മുതലപ്പൊഴി - (5 എണ്ണം),

നീണ്ടകര - (10 എണ്ണം),

അർത്തുങ്കൽ -(5 എണ്ണം)

തോട്ടപ്പള്ളി -(5 എണ്ണം),

ചെല്ലാനം - (5 എണ്ണം),

തോപ്പുംപടി (5 എണ്ണം)

അഴീക്കോട് -(10 എണ്ണം),

പൊന്നാനി -(10 എണ്ണം),

ബേപ്പൂർ - (5 എണ്ണം),

പുതിയാപ്പ - (5 എണ്ണം),

മോപ്ലബേ- (10 എണ്ണം),

കൊയിലാണ്ടി- (5 എണ്ണം),

ചോമ്പാല - (5 എണ്ണം),

ചെറുവത്തൂർ- (10 എണ്ണം)